പഞ്ചാമൃതം
Viswa Samvada Kendram Bulletin March

അമൃത ചിന്ത

# നല്ല വാർത്തകളിലേക്ക്

**വാ**ർത്തകളിൽ നിറയെ കത്തിക്കുത്ത്, കൊലപാതകം, പീഡനം, കൊള്ള, കൊള്ളിവയ്പ്.... പല ഭാഷയിലുള്ള മാധ്യമങ്ങൾ, ചാനലുകൾ എന്ത് തുറന്നാലും കണ്ടാലും ഇത് തന്നെ... സത്യത്തിൽ ഇങ്ങനെയാണോ നമുക്ക് ചുറ്റുമുള്ള ലോകം. നന്മയുടെ വർത്തമാനങ്ങൾ ഒരിടത്തും കേൾക്കാനില്ലേ. മനുഷ്യത്വവും സഹാനുഭൂതിയും അത്രമേൽ ഇല്ലാതായോ.... അതോ അതൊന്നും കാണുന്നതിലും കേൾക്കുന്നതിലും നമുക്ക് താത്പര്യമില്ലാതായതാണോ... എന്തായാലും നമുക്ക് ചുറ്റുമുള്ള മാധ്യമങ്ങൾ നമ്മിലേക്കെത്തിക്കുന്നത് കൂടുതലും കുഴപ്പം പിടിച്ച വാർത്തകളാണ്. അത്ര വലിയ സംഭവങ്ങളല്ലെങ്കിലും നന്മയുടെ വാർത്തകൾ ഏതെങ്കിലും മൂലയിൽ ഒളിച്ചിരിക്കും. നമ്മൾ തെരഞ്ഞ് കണ്ടുപിടിക്കേണ്ടി വരും. ഇത്തരം ചർച്ചകൾ പല ഭാഗത്തുനിന്നും ഉയർന്നതുകൊണ്ടാവണം ചില മാധ്യമങ്ങളെങ്കിലും അര മണിക്കൂർ നേരം 'നല്ല വാർത്തകൾ'ക്ക് നല്കിയത്. ഇരുപത്തിനാല് മണിക്കൂറിൽ അര മണിക്കൂറെങ്കിൽ അര മണിക്കൂർ... അത്രയുമായല്ലോ... പക്ഷേ ജനങ്ങൾ ആഗ്രഹിക്കുന്നത് നല്ല വാർത്തകളല്ലെന്നാണ് മാധ്യമങ്ങളുടെ വിലയിരുത്തൽ. കുപ്രസിദ്ധമായ കൊലപാതകത്തിന്റെ പൊടിപ്പും തൊങ്ങലും പിടിപ്പിച്ച വാർത്തയ്ക്ക് കിട്ടുന്ന മേനി നല്ലതിന് ലഭിക്കുന്നില്ല. എന്തുകൊണ്ടാണിങ്ങനെ എന്നത് ഓരോരുത്തരും ചിന്തിക്കേണ്ടതാണ്. അതിന് അകത്തേക്ക് നോക്കുകയും നാമെത്ര മാത്രം നല്ലതാണ് എന്ന് പരിശോധിക്കുകയും വേണം. ദൈവത്തേക്കാൾ ചെകുത്താനാണ് പരസ്യ ബോർഡുകൾ ധാരാളം. അതിന് പിന്നാലെ പോകുന്നത് പല ആവർത്തിച്ച് ആലോചിച്ച് വേണമെന്ന് സാരം...

# കുപ്പി കൊണ്ടൊരു കാത്തിരിപ്പ് കേന്ദ്രം

**തൃപ്പൂണിത്തുറ:** ലോക്ക് ഡൗൺ കാലത്ത് വൈറലായ ഒരു കാത്തിരിപ്പ് കേന്ദ്രമാണ് ആണ് തൃപ്പൂണിത്തറ വൈക്കം റോഡ് പാവംകുളങ്ങരയിലെ കിണർ ബസ് സ്റ്റോപ്പിലേത്. തൃപ്പൂണിത്തുറയിൽ നിന്ന് പൂത്തോട്ടയ്ക്ക് യാത്ര ചെയ്യുന്നവരിൽ പലരും പ്ലാസ്റ്റിക് കുപ്പികൊണ്ടുള്ള ബസ് കാത്തിരിപ്പ് കേന്ദ്രം കണ്ടിട്ടുണ്ടാകും. പാഴ്ക്കുപ്പികളിൽ തീർത്ത ഈ ബസ്സ്റ്റോപ്പിൽ പൂച്ചെടികളും ടയർ കൊണ്ടുള്ള ഇരിപ്പിടങ്ങളുമുണ്ട്. കണ്ടാൽ ആരുമൊന്ന് നോക്കിപ്പോകും. ഒരുമിച്ചു പഠിച്ചും കളിച്ചും വളർന്ന പതിനാറ് കൂട്ടുകാർ ചേർന്നുള്ള ബിഎസ്ബി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബാണ് ഈ റീസൈക്കിൾഡ് ബസ് ഷെൽറ്ററിന് പിന്നിൽ.

കുപ്പി പെറുക്കലും ചെടി നടലും ടയറിന് കളർ കൊടുക്കലുമൊക്കെയായി എല്ലാ പണിയും ഇവരൊരുമിച്ചാണ് ചെയ്തത്. പഴയ ടയറുകൾ ഇവിടെ ഇരിപ്പിടങ്ങൾ ആയി. പഴയ 700 പ്ലാസ്റ്റിക് കുപ്പികൾ, കാറുകളുടെ ടയർ, ചൂണ്ട വള്ളികൾ ഇതൊക്കെ ഉപയോഗിച്ചാണ് നിർമ്മാണം. ആകെ 14,000 രൂപ ചെലവായി. ലോക്ഡൗൺ കാലത്ത് ക്ലബ്ബിലെ കൂട്ടുകാരന്റെ കല്യാണത്തിന് പാസ് വാങ്ങാൻ പോലീസ് സ്റ്റേഷനിൽ എത്തിയപ്പോഴാണ് ക്ലബ്ബംഗങ്ങൾ അത് കണ്ടത്. പോലീസ് ഉദ്യോഗസ്ഥർക്ക് കുടിക്കാൻ നൽകിയ മിനറൽ വാട്ടർ ബോട്ടിലുകൾ കൂടി കിടക്കുന്നു. അന്നത്തെ ഇൻസ്പെക്ടറായിരുന്ന രാജുവിനോട് അനുമതി വാങ്ങി എഴുന്നൂറോളം കുപ്പികൾ .അവിടെ നിന്ന് ശേഖരിച്ചു. ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായ സമീപവാസി സജിനി പ്രദീപ് സൗജന്യമായി നൽകിയ കെട്ടിടത്തിൽ അവ എത്തിക്കുമ്പോൾ കുപ്പി ബസ് സ്റ്റോപ്പ് എന്ന ആശയം ഉടലെടുക്കുകയായിരുന്നു. ബസ് സ്റ്റോപ്പ് നിർമ്മിക്കാൻ വേണ്ടുന്ന പെയിന്റ്, സ്റ്റീൽ ഫ്രെയിമുകൾ, ടൈൽ, പ്ലാസ്റ്റിക് മേൽക്കൂര എന്നിവയ്ക്ക് മാത്രമാണ് പണം ആവശ്യമായിവന്നത്. ബസ് സ്റ്റോപ്പ് ഡിസൈൻ ചെയ്തതും വെൽഡിങ്, പെയിന്റിങ്, .ടൈൽസ് ജോലികൾ ചെയ്തതും ക്ലബ്ബംഗങ്ങൾ തന്നെയാണ്.




**തൃപ്പൂണിത്തറ വൈക്കം റോഡ് പാവംകുളങ്ങരയിലെ കിണർ ബസ് സ്റ്റോപ്പ്**

ആവശ്യം വന്നാൽ മാറ്റിസ്ഥാപിക്കാൻ കഴിയുന്ന രീതിയിലാണ് കാത്തിരിപ്പ് കേന്ദ്രം. മാസ്ക് ധരിക്കണം, സാമൂഹിക അകലം പാലിക്കണം എന്നിങ്ങനെ ഉള്ള നിർദ്ദേശങ്ങൾ എഴുതിത്തൂക്കിയ കുഞ്ഞൻ ലൈറ്റുകളും അതാത് ദിവസത്തെ പ്രധാന വാർത്തകൾ എഴുതിയിരിക്കുന്ന വാർത്താബോർഡും ഇവിടെ ഒരുക്കിയിട്ടുണ്ട്. കാത്തിരിപ്പ് കേന്ദ്രത്തിന് സമീപമുള്ള ചെടികൾക്ക് വെള്ളമൊഴിച്ചും ബസ് സ്റ്റോപ്പിലേക്ക് ആവശ്യമായ ലൈറ്റ് നൽകിയും യാത്രക്കാരും പ്രദേശ വാസികളും നല്ല പിന്തുണ നൽകുന്നുണ്ടെന്നും ക്ലബ്ബംഗങ്ങൾ പറഞ്ഞു. നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇതുപോലൊരു ബസ് സ്റ്റോപ്പ് നിർമ്മിച്ച നൽകുമോ എന്ന ആവശ്യവുമായി അന്വേഷണങ്ങളും ഉണ്ട്. ക്ലബ്ബിലെ പതി

നാറ് അംഗങ്ങളും കൂലിപ്പണിക്ക് ശേഷം കിട്ടുന്ന സമയം ഉപയോഗിച്ചാണ് നന്മ നിറഞ്ഞ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നത്. ലോക്ഡൗൺ കാലത്ത് ഡ്രൈവർമാർക്കായി ഭക്ഷണപ്പൊതി ഒരുക്കിയും ചെല്ലാനം നിവാസികൾക്ക് 500 കിറ്റുകൾ എത്തിച്ചും സേവനരംഗത്തും ക്ലബ് മുന്നിലാണ്. ഇതിനു പുറമെ വീടുകളിൽ നിന്ന് 31 ടൺ പത്രം ശേഖരിച്ച് അത് വിറ്റഴിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യുകയും ചെയ്തിട്ടുണ്ട് യുവാക്കൾ.

ഇപ്പോൾ ക്ലബ്ബിന് ഏഷ്യ ബുക്ക് ഓഫ് റിക്കാർഡിന്റെയും, ഇന്ത്യ ബുക്ക് ഓഫ് റിക്കാർഡിന്റെയും ആദരം ലഭിച്ചിരിക്കുകയാണ് ക്ലബ്ബിന്. പ്ലാസ്റ്റിക് കുപ്പികൾ കൊണ്ട് ആർട്ട് ഗ്യാലറി നിർമ്മിക്കുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയാണ് ബിഎസ്ബി യിലെ ശ്യാം സുരേന്ദ്രനും കൂട്ടുകാരും.



**അങ്കിത താക്കൂർ കുടുംബത്തോടൊപ്പം**

# ആ പണം നാടിന്റേതെന്ന് അങ്കിത

**സിംല:** എല്ലാവരെയും പോലെ ഉക്രൈനിലെ യുദ്ധഭൂമിയിൽ കുടുങ്ങിയതാണ് അങ്കിതയും. ഹിമാചലിലെ ഹാമിർപൂർ സ്വദേശി. കേന്ദ്രസർക്കാർ നടത്തിയ ഓപ്പറേഷൻ ഗംഗ രക്ഷാദൗത്യത്തിലൂടെയാണ് അങ്കിത താക്കൂർ ന്യൂദൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയത്. അവിടെ നിന്ന് ഹിമാചൽ സർക്കാരിന്റെ ബസ്സിൽ സിംലയിൽ. അവളെത്തുന്നതുവരെ ഉള്ളിൽ തീയുമായി കഴിയുകയായിരുന്നു അച്ഛൻ ജെ.ബി. സിങ്ങും അമ്മ അനിതാദേവിയും.

കേന്ദ്രസർക്കാരും എംബസിയും നടത്തിയ സാഹസികമായ രക്ഷാപ്രവർത്തനങ്ങൾ മകളിൽനിന്ന് കേട്ടറിഞ്ഞപ്പോൾ ജലേദി ആയുർവേദിക് ഹെൽത്ത് സെന്ററിലെ ഡോക്ടർ കൂടിയായ ജെ.ബി. സിങ് ചെയ്തത് പ്രധാനമന്ത്രി കെയർഫണ്ടിലേക്ക് 21000 രൂപ നല്കുകയായിരുന്നു. 11000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കും അദ്ദേഹം സമർപ്പിച്ചു.

ഫെബ്രുവരി 15ന് എംബസി നൽകിയ നിർദേശം അനുസരിച്ചിരുന്നെങ്കിൽ അന്ന് തന്നെ നാട്ടിലെത്താമായിരുന്നുവെന്ന് അങ്കിത പറയുന്നു. സർക്കാരിനൊപ്പം ജനങ്ങളും ത്യാഗം ചെയ്യേണ്ടതുണ്ടെന്ന ബോധ്യത്തിലാണ് യാത്രയ്ക്ക് ചെലവാകുമായിരുന്ന തുക പിഎം കെയർഫണ്ട് വഴി തിരികെ നല്കുന്നതെന്ന് ജെ.ബി. സിങ് ചൂണ്ടിക്കാട്ടി.

# 'ആ കരച്ചിൽ കണ്ടുനിൽക്കാനായില്ല'

**പത്തനാപുരം(കൊല്ലം):** പട്ടാഴി ദേവീക്ഷേത്രത്തിൽ തൊഴുതുനിൽക്കുമ്പോഴാണ് പള്ളിക്കൽ മുകളിൽ മങ്ങാട് വീട്ടിൽ സുഭദ്ര എന്ന അറുപത്തേഴുകാരിയുടെ താലിമാല കാണാതായത്. മാല പോയതോടെ പൊട്ടിക്കരഞ്ഞ വീട്ടമ്മയ്ക്ക് രണ്ട് സ്വർണവളകൾ ഊരി നല്കി തിരക്കിൽ മറഞ്ഞ നല്ല മനസ്സ് ആരായിരുന്നു എന്ന് അന്വേഷണത്തിലായിരുന്നു മാധ്യമങ്ങൾ. സംഭവം സമൂഹമാധ്യമങ്ങളിൽ ചർച്ചയായി. പട്ടാഴി ദേവിയുടെ അനുഗ്രഹമെന്ന് ഭക്തർ വാഴ്ത്തി. തനിക്ക് വളകൾ ഊരിത്തന്ന ആളെത്തേടി സുഭദ്രാമ്മയും കാത്തിരുന്നു. 'അമ്മ കരയണ്ട. ഈ വളകൾ വിറ്റ് മാല വാങ്ങി ധരിച്ചോളൂ. മാല വാങ്ങിയതിന് ശേഷം അമ്പലത്തിൽ വന്ന് പ്രാർത്ഥിക്കണം' എന്ന് പറഞ്ഞാണ് അവർ ആൾക്കൂട്ടത്തിൽ മറഞ്ഞത്.
ചേർത്തല മരുത്തോർവട്ടം ബിന്ദുനിവാസിൽ ശ്രീലത ആയിരുന്നു ആ മനസ്സിന്റെ ഉടമ. അന്തരിച്ച പ്രശസ്തനായ മോഹനൻ വൈദ്യരുടെ ഭാര്യ. പട്ടാഴിയിൽ ഒരു ബന്ധുവീട്ടിലെത്തിയപ്പോഴാണ് ശ്രീലത ക്ഷേത്രത്തിൽ പോയതും



സുഭദ്ര ശ്രീലത

സുഭദ്രാമ്മയുടെ നിസ്സഹായതയ്ക്ക് സാക്ഷിയായതും.ആ നിലവിളി എനിക്ക് കേട്ടുനിൽക്കാനായില്ല എന്നാണ് ഇതേപ്പറ്റി ശ്രീലത പ്രതികരിച്ചത്.

'കഷ്ടപ്പെട്ട് ചിട്ടി എടുത്ത് ഉണ്ടാക്കിയ മാലയാണെന്നും ഇനി അതുപോലൊരെണ്ണം ഉണ്ടാക്കാൻ തനിക്കാവില്ലെന്നും പറഞ്ഞായിരുന്നു ആ അമ്മ കരഞ്ഞത്. അത് കണ്ട് സഹിക്കാനാകാതിരുന്നതു കൊണ്ടാണ് ഞാൻ എന്റെ വളകൾ ഊരി നൽകിയത്.' ശ്രീലത പറഞ്ഞു.

## സുരേഷ്ഗോപിയും സുശാന്തും പുഷ്പ അമ്മൂമ്മയും

**കൊച്ചി:** എഴുപത്തിനാലാം വയസ്സിൽ ലോട്ടറിവില്ക്കുന്ന പുഷ്പ അമ്മൂമ്മയുടെ വീഡിയോ വൈറലായി. സാമൂഹ്യപ്രവർത്തകനായ സുശാന്ത് നിലമ്പൂർ ആണ് ഈ വീഡിയോ സോഷ്യൽ മീഡിയയിൽ പങ്കുവെച്ചത്. മകന്റെ മരണത്തെതുടർന്ന് മരുമകളെയും കൊച്ചുമക്കളെയും സംരക്ഷിക്കാനും കടം വീട്ടാനുമായി എഴുപത്തിനാലാം വയസ്സിൽ ലോട്ടറി വില്പന നടത്തുകയായിരുന്നു എറണാകുളം സ്വദേശിയായ പുഷ്പ അമ്മൂമ്മ. മൂത്ത മകൻ ഹൃദ്രോഗി ആണ്. ഇളയമകൻ മരണപ്പെട്ടു. നാല് സെന്റും വീടുമാണ് ആകെയുള്ള സമ്പാദ്യം.

പ്രളയം കഴിഞ്ഞപ്പോൾ നാലു ലക്ഷം രൂപ കിട്ടിയിരുന്നു. ഒപ്പം സ്വർണം കൂടി വിറ്റ് വീട് പുതുക്കി പണിഞ്ഞു. ഇത് വലിയ കടം ഉണ്ടാക്കി. വീടിന് ആധാരം ബാങ്കിൽ ആണ്. അത് തിരിച്ചെടുക്കാൻ 65,000 രൂപ വേണം. പലരും ലോട്ടറി എടുത്ത ശേഷം പണം നൽകാതെ പോകുന്നത് വലിയ സങ്കടം ആണെന്ന് അമ്മൂമ്മ സുശാന്തിനോട് പറഞ്ഞു.



ഈ വീഡിയോ കണ്ട് നടനും, എംപിയുമായ സുരേഷ് ഗോപിയും മകൻ ഗോകുൽ സുരേഷും അമ്മൂമ്മയ്ക്ക് ചെയ്ത സഹായം ആണ് ശ്രദ്ധനേടുന്നത്. പാല്യത്തുരുത്ത് എസ്എൻഡിപി ശാഖയിൽ പണയത്തിൽ ഉണ്ടായിരുന്ന ആധാരം സുരേഷ്ഗോപി പണമടച്ച് തിരിച്ചെടുത്തു. പിന്നാലെ സുരേഷ് ഗോപിയുടെ മകനും സിനിമ നടനുമായ ഗോകുൽ സുരേഷ് നേരിട്ടെത്തിയാണ് ആധാരം പുഷ്പ അമ്മൂമ്മയ്ക്ക് കൈമാറിയത്. വീഡിയോ കണ്ട് നിരവധി പേർ അമ്മൂമ്മയെ സഹായിച്ചിട്ടുണ്ടെന്നും സുശാന്ത് പറയുന്നു.